പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6056 09.07.2013-ൽ മറുപടിയ്ക്ക്

## സ്ഥിരം, താൽക്കാലികം, കരാർ വിഭാഗങ്ങളിൽ ജീവനക്കാരുടെ നിയമനവും പിരിച്ചുവിടലും

| | ചോദ്യം<br>ഡോ. കെ. ടി. ജലീൽ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ വിവിധ സർക്കാർ വകുപ്പിലും പൊതുമേഖലാ സ്ഥാപനങ്ങളിലും എത്ര ജീവനക്കാരെ ദിവസക്കൂലി അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ടെന്ന വിവരം ഓരോ വകുപ്പ്/സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ : | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുഭരണ (സർവ്വീസസ്-ഇ) വകുപ്പ് മുഖേന 64 പേരെ ദിവസ വേതനാടിസ്ഥാനത്തിൽ ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികയിലും മുഖ്യമന്ത്രിയുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിൽ 11 പേരെ കരാറടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. പൊതുഭരണ വകുപ്പിനു കീഴിലുള്ള മറ്റു സെക്ഷനുകളിൽ നിന്നും മറ്റു വകുപ്പുകളിൽ നിന്നുമുള്ള വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | ഇതേ കാലയളവിൽ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പിരിച്ചു വിടപ്പെട്ട താൽക്കാലിക വേതനക്കാർ, കരാർ ജീവനക്കാർ, സ്ഥിരം ജീവനക്കാർ എന്നിവരുടെ കണക്ക് സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ? | (ബി) | ഇതേ കാലയളവിൽ പൊതുഭരണ (സർവ്വീസസ്-ഇ) വകുപ്പ് മുഖേന 57 ദിവസവേതന ജീവനക്കാരെ ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ള സ്ഥിരം ജീവനക്കാരനായ ഒരാളെ നിർബന്ധിത വിരമിക്കൽ ശിക്ഷ നൽകി പൊതുഭരണ (സർവ്വീസസ്-സി) വകുപ്പിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. മുഖ്യമന്ത്രിയുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഒരു ജീവനക്കാരനെ പിരിച്ചുവിട്ടിട്ടുണ്ട്. പൊതുഭരണ വകുപ്പിനു കീഴിലുള്ള മറ്റു സെക്ഷനുകളിൽ നിന്നും മറ്റു വകുപ്പുകളിൽ നിന്നുമുള്ള വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ